പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **2428** 18.12.2012-ൽ മറുപടിക്ക്

**കുട്ടനാട്ടിലെ ചിത്തിര കായലിൽ നിന്നും ട്രാവൻകൂർ സിമൻറ്സിൻെറ കക്ക ഖനനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട്ടിലെ ചിത്തിര കായലിൽ നിന്നും ട്രാവൻകൂർ സിമൻറ്സ് കക്ക ഖനനം നടത്തിയത് 27.08.2002-ലെ ജി.ഒ (എം.എസ്) നം.8787/2002/വ്യവ നമ്പർ ഉത്തരവിൻെറ അടിസ്ഥാനത്തിൽ മാത്രമാണോ; | (എ) കുട്ടനാട്ടിലെ ചിത്തിര കായലിൽ നിന്നും ട്രാവൻകൂർ സിമൻറ്സ് കക്കാ ഖനനം നടത്തിയത് അതിനായി പ്രോസ്പെക്ടീവ് ലൈസൻസ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് 27.8.2002 -ലെ ജി.ഒ (എം.എസ്) നം.87/2002/വ്യവ, മൈനിംഗ് ലീസ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് 4.9.2004-ലെ ജി.ഒ (എം.എസ്) നം.101/2004/വ്യവ എന്നിവയുടെയും, 01.09.2005-ൽ ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡും, മൈനിംഗ് ആൻറ് ജിയോളജി ഡയറക്ടറും തമ്മിലുണ്ടാക്കിയ ലീസ് എഗ്രിമെൻറിൻെറയും അടിസ്ഥാനത്തിലാണ്. |
| (ബി) ഇത് സംബന്ധിച്ച് വ്യവസായ വകുപ്പും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ/എഗ്രിമെൻറ് നടത്തിയിരുന്നോ; | (ബി) സർവ്വേ ഡയറക്ടർ, തിരുവനന്തപുരം 2.11.2004-ൽ ആലപ്പുഴ ജില്ലാ കളക്ടറോട് ഖനനം ചെയ്യേണ്ട ഭാഗത്തിൻെറ മാപ്പ് തയ്യാറാക്കി മൈനിംഗ് ആൻറ് ജിയോളജി ഡയറക്ടർക്ക് നൽകുവാൻ നിർദ്ദേശിച്ചതനുസരിച്ച് കുട്ടനാട് തഹസീൽദാർ രൂപരേഖ തയ്യാറാക്കി കൊടുത്തതനുസരിച്ചാണ് 1.9.2005-ൽ ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡും മൈനിംഗ് ആൻറ് ജിയോളജി ഡയറക്ടറും തമ്മിൽ ലീസ് എഗ്രിമെൻറ് വയ്ക്കുകയും കക്കാ ഖനനം നടത്തുകയും ചെയ്തിട്ടുള്ളത്. |
| (സി) എങ്കിൽ ചർച്ചകളുടെ മിനിട്ട്സിൻെറയും എഗ്രിമെൻറിൻെറയും പകർപ്പുകൾ ലഭ്യമാക്കുമോ? | (സി) മൈനിംഗ് ലീസ് എഗ്രിമെൻറിൻെറ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

Adittaeb

സെക്ഷൻ ഓഫീസർ